"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാസർഗോഡ് ജില്ല — രാത്രികാല പെട്രോളിംഗ് ഡ്യൂട്ടിക്കിടെ അപകടം സംഭവിച്ച് കാൽ മുറിച്ചുമാറ്റിയ ഹാർബർ റസ്ക്യൂ ഗാർഡ് ശ്രീ.ബിനീഷ് എം-ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

സ.ഉ.(കൈ) നം.340/2025/RD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. ഫിഷറീസ് ഡയറക്ടറുടെ 2.12.2024 തീയതിയിലെ DFTVM/3414/2024-N3 നമ്പർ കത്ത്
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 18 /06 /2025 തീയതിലെ DCKSGD/4239/2025-L6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

05.10.2024 തീയതി കാസർഗോഡ് ഹാർബറിൽ നിന്നും 8 നോട്ടിക്കൽ മൈൽ പടിഞ്ഞാറു മാറി അനധികൃത മത്സ്യബന്ധം നടത്തിയ IND-KA-01-MM-4565 രജിസ്ട്രേഷൻ നമ്പരിലുള്ള മിഹാൽ എന്ന ബോട്ടിനെ കസ്റ്റഡിയിലെടുക്കുന്ന സമയത്ത് കാഞ്ഞങ്ങാട് ഹാർബർ റെസ്ക്യൂ ഗാർഡ് ആയ ശ്രീ.ബിനീഷ് എം S/o നാരായണൻ.പി, മാപ്പിടിച്ചേരി (ഹൗസ്) അംബേദ്കർ ഗ്രാമം, പടന്നകടപ്പുറം എന്ന ആളിന് റോപ്പിനിടയിൽ കുടുങ്ങി അപകടം ഉണ്ടായതിനെ തുടർന്ന് ഇടതുകാൽപാദം മംഗലാപുരം എം.ജെ.ആശുപത്രിയിൽ ശസ്ത്രക്രിയ ചെയ്ത് തുന്നി ചേർക്കുകയും അണുബാധയും പഴുപ്പും ഉണ്ടായതിനാൽ കാൽമുട്ടിന് താഴെ വച്ച് മുറിച്ചു മാറ്റിയെന്നും അതിന് ചെലവായ 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരമാർശം (1) പ്രകാരം മത്സ്യബന്ധന തുറമുഖ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയും, പ്രസ്തുത വിവരങ്ങൾ പരാമർശം (2)പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. മുൻ വർഷങ്ങളിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളിലൂടെ വിലപ്പെട്ട ജീവനുകൾ രക്ഷിച്ചിട്ടുള്ള വ്യക്തിയാണ് ശ്രീ.ബിനീഷ് എന്നും ടിയാന്റെ ഏക വരുമാനം കൊണ്ടാണ് കുടുംബം ജീവിക്കുന്നതെന്നും ഈ അവസ്ഥയിൽ ടിയാന് ജോലിക്ക് പോകാൻ കഴിയില്ല എന്നും ഹാർബർ റെസ്ക്യൂ ഗാർഡുമാർക്കും, സീ റെസ്ക്യൂ ഗാർഡുമാർക്കും സർക്കാർ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാനെ സാമ്പത്തികമായി സഹായിക്കുന്നതിന് പരിമിതികൾ ഉണ്ട് എന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും മൽസ്യബന്ധന തുറമുഖ വകുപ്പിന്റെ ശിപാർശയും ജില്ലാകളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച്, രാത്രികാല പെട്രോളിംഗ് ഡ്യൂട്ടിക്കിടെ അപകടം സംഭവിച്ച് കാൽ മുറിച്ചുമാറ്റിയ കാസർഗോഡ് ജില്ലയിലെ ഹാർബർ റസ്ക്യൂ ഗാർഡ് ശ്രീ.ബിനീഷ് എം-ന് നേരത്തെ അനുവദിച്ച 55,000/- രൂപയുടെ ധനസഹായത്തിന് പുറമെ മത്സ്യബന്ധന തുറമുഖ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് 5 ലക്ഷം രൂപ കൂടി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) വിതരണത്തിന് ആവശ്യമായി വരുന്ന തുകയായ 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP80 അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ജില്ലാ കളക്ടർ, കാസർഗോഡ്
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പൊതുഭരണ (എസ്. സി.) വകുപ്പ് ( 17.12.2025ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം. 3416 പ്രകാരം)
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
മത്സ്യബന്ധന തുറമുഖ വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 20-12-2025 14:31:06
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്